**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 479** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; പ്രമുഖ സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ ചേരാൻ വിസമ്മതിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | **01.07.2022 മുതൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. ചില സ്വകാര്യ ആശുപത്രികൾ പദ്ധതിയുമായി സഹകരിക്കുന്നതിന് തടസ്സം ഉന്നയിച്ചിട്ടുണ്ടെന്ന വിവരം ഇൻഷ്വറൻസ് കമ്പനി സർക്കാരിനെ അറിയിച്ചതിനെ തുടർന്ന് ടി ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.** |
| (ബി) | സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിന് മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (ബി) | **08.06.2022 -ൽ ബഹു. ധനമന്ത്രിയുടെ നേതൃത്വത്തിലും ധന, ആരോഗ്യ വകുപ്പ് സെക്രട്ടറി തലത്തിലും സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (സി) | 2022 ജൂലൈ ഒന്ന് മുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ